## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 328 — 07.08.2017 — ൽ മറുപടിക്ക്

## പുതിയ റേഷൻ കാർഡുകളിലെ തെറ്റുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ.പി. അനിൽ കുമാർ<br>,, വി.പി.സജീന്ദ്രൻ<br>,, എൽദോസ് പി. കുന്നപ്പിള്ളി : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) പുതിയ റേഷൻ കാർഡിന്റെ വിതരണം എല്ലാ ജില്ലയിലും പൂർത്തിയായോ, വിശദമാക്കുമോ; | (എ) | ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല, ദേവികുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, മഞ്ചേശ്വരം എന്നീ താലൂക്കുകൾ ഒഴികെ മറ്റ് 76 താലൂക്കുകളിലും റേഷൻ കാർഡ് വിതരണത്തിന്റെ ഒന്നാം ഘട്ടം പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാം ഘട്ട വിതരണം നടന്നു വരുന്നു. |
| (ബി) വിതരണം ചെയ്ത പുതിയ റേഷൻ കാർഡുകളിൽ പലതിലും തെറ്റുകൾ കടന്നുകൂടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും (ഡി) യും | ഉണ്ട്. ഒന്നാം ഘട്ട കാർഡ് വിതരണം എല്ലാ ജില്ലകളിലും പൂർത്തിയാകുന്ന മുറയ്ക്ക് റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തി നൽകുന്നതിനുളള നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| (സി) എങ്കിൽ, തെറ്റുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിവരിക്കുമോ; | | |
| (ഡി) ശരിയായ വിവരങ്ങൾ നൽകിയെങ്കിലും പുതിയ പല റേഷൻ കാർഡുകളിലും തെറ്റ് കടന്നുകൂടിയത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ